## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3333 — 14.10.2011-ൽ മറുപടിക്ക്.

## കേന്ദ്രത്തിന് സമർപ്പിച്ച റെയിൽവേ ആവശ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ.എ.എം. ആരിഫ്. | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കേരളം നിരന്തരമായി ആവശ്യപ്പെടുന്ന ഓരോ റെയിൽപ്പാതയുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) | ശബരി റയിൽ പാതയുടെ അങ്കമാലി എരുമേലി സെക്ടറിലെ കോട്ടയം ഭാഗത്തിന്റെ അലൈൻമെന്റ് അന്തിമമായി തീരുമാനിച്ചിട്ടില്ല. സർവ്വേ പൂർത്തിയാക്കിയ നിലമ്പൂർ- നഞ്ചഗുഡ് റയിൽവേ ലൈനിന്റെ നിർമ്മാണം ഉടനെ തുടങ്ങണമെന്നും ഇടപ്പള്ളി- ഗുരുവായൂർ, തലശ്ശേരി- മൈസൂർ, കൊല്ലങ്കോട് തൃശ്ശൂർ, കാഞ്ഞങ്ങാട് - പാണത്തൂർ - കണിയൂർ, ശബരിമല- ചെങ്ങന്നൂർ, ബേപ്പൂർ- കോഴിക്കോട് എന്നീ ലൈനുകളുടെ സർവ്വേ ജോലികൾ ത്വരിതപ്പെടുത്തണമെന്നും 19.9.2011 ന് ബഹുമാനപ്പെട്ട കേന്ദ്ര റയിൽവേ മന്ത്രിയുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ ലൈൻ, ഗേജ്മാറ്റം, പാത |

| | | | |
|---|---|---|---|
| | | | ഇരട്ടിപ്പിക്കൽ എന്നിവയ്ക്ക് 3700 കോടി രൂപ ആവശ്യമാണെന്നും, അതിൽ 1200 കോടി ചെലവാക്കിയിട്ടുണ്ട് എന്നും, നടപ്പ് സാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും, ഈ വർഷം പ്രഖ്യാപിച്ച സർവ്വേകൾ വരും വർഷം പൂർത്തിയാക്കുമെന്നും ശബരിമലപാതയുടെ അങ്കമാലി - കാലടി ഭാഗത്തെ പണികൾ 30.6.2012 ഓടെ പൂർത്തിയാക്കുമെന്നും, ടി യോഗത്തിൽ കേന്ദ്ര സംഘം വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ